©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം, ശനി
Thiruvananthapuram, Saturday

2025 ഒക്ടോബർ 04
04th October 2025
1201 കന്നി 18
18th Kanni 1201
1947 ആശ്വിനം 12
12th Aswina 1947

നമ്പർ
No.
3510

ഫോറം നമ്പർ 4
[റൂൾ 11(3) കാണുക]
വിജ്ഞാപനം

DCKNR/10324/2022-C4

2025 ഒക്ടോബർ 03

താഴെ പട്ടികയിൽ വിവരിച്ച പ്രകാരമുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന് , അതായത് തലശ്ശേരി താലൂക്കിൽ കതിരൂർ, കോടിയേരി വില്ലേജുകളിൽ കുണ്ടുചിറ പാലം നിർമ്മിക്കുന്നതിന് വേണ്ടി 0.760 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടാകാനിടയുണ്ടെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടത് കൊണ്ടും;

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 (കേന്ദ്ര നിയമം 30/2013)ലെ വകുപ്പ് 4(1) പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചുകൊണ്ട്, 200 ആറിൽ കവിയാത്ത ഭൂമി പൊതു ആവശ്യത്തിന് ഏറ്റെടുക്കേണ്ട അവസരത്തിൽ കേരള സർക്കാർ അതതു ജില്ലാ കളക്ടറെ ജി ഒ (പി) നമ്പർ 376/16/ആർഡി തിയ്യതി 29/06/2016, എസ്.ആർ.ഒ നമ്പർ 468/16 എന്നിവ പ്രകാരം സമുചിത സർക്കാരായി അധികാരപ്പെടുത്തിയിട്ടുള്ളതിനാലും താഴെപ്പട്ടികയിൽ ചേർത്തിരിക്കുന്ന ഭൂമി സംബന്ധിച്ച് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ആയതുകൊണ്ട് ഇപ്പോൾ കണ്ണൂർ ജില്ലയിലെ ബന്ധപ്പെട്ട പ്രദേശത്ത് നിയമാനുസൃതം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും ഒരു സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, രാജഗിരി.പി.ഒ കളമശ്ശേരി, കൊച്ചി – 683104 എന്ന ഏജൻസിയെ ജില്ലാതല സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ് എന്ന നിലയിൽ അധികാരപ്പെടുത്തിയിരിക്കുന്നു. ടി ഏജൻസി മേൽ പ്രവൃത്തി 45 ദിവസത്തിനകം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പൂർത്തീകരിക്കേണ്ടതും ആയത് യാതൊരു കാരണവശാലും ആറു മാസത്തിൽ കവിയാൻ പാടില്ലാത്തതുമാകുന്നു.

പട്ടിക 1

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

ജില്ല : കണ്ണൂർ *വില്ലേജ് :* കതിരൂർ

താലൂക്ക് : തലശ്ശേരി *ദേശം :* പൊന്ന്യം

ക്രമ നമ്പർ	സർവ്വെ നമ്പർ	വിസ്തീർണം(ഹെക്ടർ)
1	120/4, 120/1B, 120/2B, 119/3, 119/1	0.2886

പട്ടിക 2

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

ജില്ല : കണ്ണൂർ *വില്ലേജ് :* കോടിയേരി

താലൂക്ക് : തലശ്ശേരി *ദേശം :* മൂഴിക്കര

ക്രമ നമ്പർ	സർവ്വെ നമ്പർ	വിസ്തീർണം (ഹെക്ടർ)
1	5,7/2, 7/3, 7/1A, 7/4C,7/4B, 7/1B, 7/5B, 7/6, 8/1, 9/1	0.4714

ആകെ വിസ്തീർണം :- 0.760 ഹെക്ടർ

(ഒപ്പ്/-)

ജില്ലാ കളക്ടർ, കണ്ണൂർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.10.04 02:50:49 +05:30